(എ) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തന പരിപാടിക്കുള്ള ലോകാരോഗ്യസംഘടനയുടെ സഹായം 2000 മാർച്ച് 31 ന് അവസാനിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ ഭാവിയെക്കുറിച്ചും അവരുടെ സേവന വേതന വ്യവസ്ഥകൾ പുനരധിവാസം എന്നിവയെക്കുറിച്ചും ഗവണ്മെന്റ് നിലപാട് വ്യക്തമാക്കുമോ;

(സി) നീണ്ടകാലം ഇൻക്യുസേഷൻ പിരീഡുള്ള രോഗമാണ് ലെപ്രസി എന്നതിനാൽ ലോകാരോഗ്യസംഘടനയുടെ സഹായം നിറുത്തലാക്കിയാലും കേരളത്തിൽ കുഷ്ഠരോഗനിർമ്മാർജ്ജന പ്രവർത്തനം തുടരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനം പൂർണ്ണമായും നിർത്തലാക്കുന്നതല്ല. ജനറൽ ഹെൽത്ത് സ്റ്റാഫ് ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത് നടത്തുന്നതാണ്.

181 (2497) ആരോഗ്യ വകുപ്പിലേയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ വാങ്ങുന്ന നടപടി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഖാദി ഉൽപ്പാദക കേന്ദ്രത്തിൽ നിന്നും ആരോഗ്യ വകുപ്പിലേയ്ക്കാവശ്യമായ തുണിത്തരങ്ങളും മറ്റും വാങ്ങുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് തുണിത്തരങ്ങളും മറ്റും വാങ്ങിയ വകയിൽ എത്ര രൂപ കുടിശ്ശിക വന്നിട്ടുണ്ട്;

(സി) തുടർന്നും ആരോഗ്യ വകുപ്പിലേയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും മറ്റും പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർത്തിവച്ചിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ 12 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 11,73,065 രൂപയും കുടിശ്ശിക വന്നിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

182 (2498) സർക്കാർ ആശുപത്രികളിൽ കോട്ടണും ബഡ്ഷീറ്റും വാങ്ങുന്നതിനുള്ള മാനദണ്ഡം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തുതന്നെ സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള കോട്ടണും ബഡ്ഷീറ്റും വാങ്ങുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണ്;

(ബി) പ്രതിവർഷം എത്ര രൂപയുടെ കോട്ടണും ബഡ്ഷീറ്റുമാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഖാദി ബോർഡിന്റെ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവ ഖാദിബോർഡിൽ നിന്നും വാങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടൺ അതാത് വർഷങ്ങളിൽ സെൻട്രൽ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥാപനത്തിൽനിന്നും വാങ്ങുന്നു. ബഡ്ഷീറ്റ് ടെൻഡർ വിളിച്ച് വാങ്ങുന്നു.

(ബി) കോട്ടൺ 70 ലക്ഷം രൂപയ്ക്കും ബഡ്ഷീറ്റ് 25 ലക്ഷം രൂപയ്ക്കും.

(സി) അതാത് വർഷങ്ങളിൽ സെൻട്രൽ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

183 (2499) സിക്കിൾസെൽ അനീമിയ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സിക്കിൾസെൽ അനീമിയ എന്ന രോഗം കാണപ്പെടുന്നത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത രോഗത്തിന്റെ കാരണമെന്താണെന്നും ചികിത്സ എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഇൻഡ്യയിൽ എവിടെയൊക്കെയാണ് പ്രസ്തുത രോഗത്തിന് ചികിത്സയുള്ളത് എന്നറിയിക്കുമോ;

(ഡി) ആയുർവേദത്തിൽ പ്രസ്തുത രോഗത്തിന് ചികിത്സയുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ ആയുർവേദ ചികിത്സാ കേന്ദ്രങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത രോഗത്തിന് ഹോമിയോ ചികിത്സയുണ്ടോ; എങ്കിൽ എവിടെയൊക്കെയാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വയനാട് ജില്ലയിലെ ആദിവാസികൾക്കിടയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി, അഗളി എന്നീ പ്രദേശങ്ങളിലെ ആദിവാസികൾക്കിടയിലുമാണ് സിക്കിൾസെൽ അനീമിയ കണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly